**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 730** **26-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | കക്കടാംപോയിൽ - കോടഞ്ചേരി, തലയാട് - കോടഞ്ചേരി, തലയാട് - തൊട്ടിൽപാലം, തൊട്ടിൽപാലം - പുല്ലുവായ് എന്നീ 4 റീച്ചുകളിലായി 120.71 കി.മീ. ആണ് കോഴിക്കോട് ജില്ലയിൽ മലയോര ഹൈവേയുടെ ഭാഗമായിട്ടുള്ളത്. ആകെ 88.11 കി.മീ. റീച്ചുകൾക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചതിൽ 80.10 കി.മീ. റീച്ചുകൾക്ക് സാമ്പത്തികാനുമതി ലഭിച്ചു. അതിൽ 35.35 കി.മീ. ദൂരമുള്ള ഒരു റീച്ചിലാണ് നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നത്. വനമേഖലയിൽ കൂടി കടന്നുപോകുന്ന ഇടങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുണ്ട്. നിർദ്ദിഷ്ട അലൈൻമെന്റ് പെരിയാർ റിസർവ് വനഭൂമിയുടെ ഭാഗം ആയതിനാൽ പുതിയ അലൈൻമെന്റ് കണ്ടെത്താൻ വനംവകുപ്പ് നിർദ്ദേശിച്ചു. തുടർന്ന് കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരും വനം വകുപ്പും നാറ്റ്പാക്കുമായി ചേർന്ന് 06.07.2021 തീയതിയിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും, ശേഷം വനം വകുപ്പ് നിർദ്ദേശിച്ച പുതിയ അലൈൻമെന്റ് പ്രകാരം മാറ്റം വരുത്തുന്നതിനുള്ള സാധ്യതകൾ നാറ്റ്പാക്ക് പരിശോധിച്ച് വരുന്നു. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്ന 28-ാം മൈൽ മുതൽ പടിക്കൽ വയൽ വരെയുള്ള റീച്ചിന്റെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | (ബി) | ടി റീച്ചിന്റെ DPR കിഫ്ബിയിൽ സമർപ്പിച്ച് 14.25 കോടിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത റീച്ചിന്റെ പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | (സി) | ടി റീച്ചിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ